# ത്രിദേവനായ രചയിതാവിലൂടെ വരദാനങ്ങളുടെ പ്രാപ്തി

ഇന്ന് ത്രിദേവനായ രചയിതാവ് തന്റെ സാകാരി, ആകാരി രചനയെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. രണ്ട് രചനയും വളരെ പ്രിയപ്പെട്ടതാണ് അതിനാൽ രചയിതാവ്, രചനയെ കണ്ട് ഹർഷിതമാകുന്നു. രചന സദാ ഈ സന്തോഷത്തിന്റെ ഗീതം പാടുന്നു- ആഹാ രചയിതാവ്....രചയിതാവ് സദാ ഈ ഗീതം പാടുന്നു... ആഹാ എന്റെ രചന....രചന പ്രിയപ്പെട്ടതാണ്. പ്രിയപ്പെട്ടവർക്ക് സദാ സർവ്വതും നല്കി അവരെ സമ്പന്നരാക്കുന്നു. അതിനാൽ ബാബ ഓരോ ശ്രേഷ്ഠമായ രചനയ്ക്ക് വിശേഷിച്ച് മൂന്ന് സംബന്ധങ്ങളിലൂടെ എത്ര സമ്പന്നമാക്കി. അച്ഛന്റെ സംബന്ധത്തിൽ ദാതാവായി ജ്ഞാന ഖജനാവിലൂടെ സമ്പന്നമാക്കി, ടീച്ചറിന്റെ രൂപത്തിൽ ഭാഗ്യവിദാതാവായി അനേക ജന്മത്തേക്ക് ഭാഗ്യവാനാക്കി, സത്ഗുരുവിന്റെ രൂപത്തിൽ വരദാതാവായി വരദാനങ്ങളാൽ സഞ്ചി നിറയ്ക്കുന്നു. ഇതാണ് അവിനാശി സ്നേഹം. സ്നേഹത്തിന്റെ വിശേഷതയാണ്- ആരോടാണോ സ്നേഹമുള്ളത് അവരുടെ കുറവ് കാണാൻ ഇഷ്ടപ്പെടില്ല, കുറവിനെ അത്ഭുതത്തിന്റെ രൂപത്തിൽ പരിവർത്തനപ്പെടുത്തും. ബാബയ്ക്ക് കുട്ടികളുടെ കുറവുകളെ സദാ അത്ഭുതത്തിന്റെ രൂപത്തിൽ പരിവർത്തനം ചെയ്യുന്നതിന്റെ ശുഭ സങ്കല്പം സദായുണ്ട്. സ്നേഹത്തിൽ ബാബയ്ക്ക് കുട്ടികളുടെ പരിശ്രമം കാണാൻ സാധിക്കുന്നില്ല. ആവശ്യമുണ്ടെങ്കിൽ പരിശ്രമിച്ചോളൂ എന്നാൽ ബ്രാഹ്മണ ജീവിതത്തിൽ പരിശ്രമിക്കേണ്ട ആവശ്യമേയില്ല കാരണം ദാതാവ്, വിദാതാവ്, വരദാതാവ്- മൂന്ന് സംബന്ധങ്ങളിലൂടെ അത്രയും സമ്പന്നരായി മാറുന്നു, യാതൊരു പരിശ്രമവുമില്ലാതെ ആത്മീയ ആനന്ദത്തിലിരിക്കാൻ സാധിക്കുന്നു. സമ്പത്തുമുണ്ട്, പഠിത്തവുമുണ്ട്, വരദാനവുമുണ്ട്. മൂന്ന് രൂപങ്ങളിലൂടെ പ്രാപ്തി ലഭിക്കുന്നവർക്ക്, അങ്ങനെ സർവ്വ പ്രാപ്തിയുള്ള ആത്മാവിന് പരിശ്രമിക്കേണ്ട എന്ത് ആവശ്യമാണുള്ളത്. ചിലപ്പോൾ സമ്പത്തിന്റെ രൂപത്തിൽ അഥവാ ബാബയെ ദാതാവിന്റെ രൂപത്തിൽ ഓർമ്മിക്കൂ എങ്കിൽ ആത്മീയ അധികാരത്തിന്റെ ലഹരിയുണ്ടായിരിക്കും. ടീച്ചറിന്റെ രൂപത്തിൽ ഓർമ്മിക്കൂ എങ്കിൽ ഈശ്വരീയ വിദ്യാർത്ഥി അർത്ഥം ഭഗവാന്റെ വിദ്യാർത്ഥിയാണ്- ഈ ഭാഗ്യത്തിന്റെ ലഹരിയുണ്ടായിരിക്കും. സത്ഗുരു ഓരോ ചുവടിലും വരദാനങ്ങളാൽ പാലിച്ചു കൊണ്ടിരിക്കുന്നു. ഓരോ കർമ്മത്തിലും ശ്രേഷ്ഠമായ നിർദ്ദേശം- വരദാതാവിന്റെ വരദാനമാണ്. ശ്രേഷ്ഠമായ നിർദ്ദേശമനുസരിച്ച് നടക്കുന്നവരുടെ ഓരോ ചുവടിലും കർമ്മത്തിന്റെ സഫലതയുടെ വരദാനം സഹജവും സ്വതവേയും, തീർച്ചയായും പ്രാപ്തമാകുന്നു. സത്ഗുരുവിന്റെ നിർദ്ദേശം ശ്രേഷ്ഠ ഗതി പ്രാപ്തമാക്കി തരുന്നു. ഗതി-സത്ഗതി പ്രാപ്തമാക്കുന്നു. ശ്രേഷ്ഠമായ നിർദ്ദേശവും, ശ്രേഷ്ഠമായ ഗതിയും. തന്റെ സ്വീറ്റ് വീട് അർത്ഥം ഗതി, സ്വീറ്റ് രാജ്യം അർത്ഥം സത്ഗതി - ഇവ പ്രാപ്തമാക്കുന്നുണ്ട് എന്നാൽ ബ്രാഹ്മണാത്മാക്കൾ വിശേഷ ഗതി പ്രാപ്തമാക്കുന്നു. അതാണ് ഈ സമയത്തും ശ്രേഷ്ഠമായ മതത്തിന്റെ ശ്രേഷ്ഠമായ കർമ്മത്തിന്റെ പ്രത്യക്ഷഫലം അർത്ഥം സഫലത. ഈ ശ്രേഷ്ഠമായ ഗതി കേവലം സംഗമയുഗത്തിൽ തന്നെയാണ് നിങ്ങൾ ബ്രാഹ്മണർക്ക് പ്രാപ്തമാകുന്നത് അതിനാലാണ് പറയുന്നത്- ഏതുപോലെയാണോ മതം അതേപോലെയാണ് ഗതി. അവർ മനസ്സിലാക്കുന്നു- മരണ ശേഷമാണ് ഗതി ലഭിക്കുന്നതെന്ന്, അതിനാൽ അന്ത്മതി സോ ഗതി എന്ന് പറയുന്നു. എന്നാൽ നിങ്ങൾ ബ്രാഹ്മണാത്മാക്കൾക്ക് ഈ അന്തിമ മർജീവാ ജന്മത്തിൽ ഓരോ കർമ്മത്തിന്റെ സഫലതയുടെ ഫലം അർത്ഥം ഗതി പ്രാപ്തമാക്കുന്നതിന്റെ വരദാനം ലഭിച്ചിരിക്കുന്നു. വർത്തമാനവും ഭാവിയും- സദാ ഗതി സത്ഗതിയുണ്ട്. ഭാവിയുടെ കാത്തിരിപ്പിലല്ലയിരിക്കുന്നത്. സംഗമയുഗത്തിന്റെ പ്രാപ്തിയുടെ മഹത്വം ഇതാണ്. കർമ്മം ചെയ്ത ഉടൻ തന്നെ പ്രാപ്തിയുടെ അധികാരം നേടൂ. ഇതിനെയാണ് പറയുന്നത് ഒരു കൈ കൊണ്ട് നല്കൂ, മറു കൈ കൊണ്ട് നേടൂ. ചിലപ്പോൾ പ്രാപ്തമാകും അല്ലായെങ്കിൽ ഭാവിയിൽ ലഭിക്കും എന്ന ആശ്വാസത്തിന്റെ വ്യാപാരമല്ല. ഉടനടി ചെയ്യുന്ന ദാനം മഹാപുണ്യമാണ്, അങ്ങനെയുള്ള പ്രാപ്തിയാണ്. ഇതിനെയാണ് പറയുന്നത് പെട്ടെന്നുള്ള വ്യാപാരം എന്ന്. ഭക്തിയിൽ കാത്തിരിക്കുന്നുണ്ട്- ലഭിക്കും, ലഭിക്കും.....ഭക്തിയിൽ എപ്പോഴെങ്കിലുമാണ്, ബാബ പറയുന്നു- ഇപ്പോൾ നേടൂ. ആദിയിലെ സ്ഥാപനയിലും നിങ്ങൾ പ്രസിദ്ധമായിരുന്നു- ഇവിടെ പെട്ടെന്ന് സാക്ഷാത്ക്കാരം ഉണ്ടാകുന്നുവെന്ന്., ഉണ്ടാകുകയും ചെയ്തിരുന്നു. അപ്പോൾ ആദിയിൽ പെട്ടെന്നുള്ള വ്യാപാരമായിരുന്നില്ലേ, ഇതിനെയാണ് പറയുന്നത് രചയിതാവിന് രചനയോടുള്ള സ്നേഹം എന്ന്. മുഴുവൻ കല്പത്തിലും ഇത്രയും സ്നേഹം മറ്റാർക്കും ഉണ്ടാകില്ല. എത്ര തന്നെ പ്രശസ്തമായ സ്നേഹമാണെങ്കിലും ഇത് അവിനാശി സ്നേഹമാണ്, അവിനാശി പ്രാപ്തിയാണ്. മുഴുവൻ കല്പത്തിലും ഇത്രയും പ്രിയപ്പെട്ടതായി മറ്റാരും ഉണ്ടായിരിക്കില്ല. അതിനാൽ ബാബയ്ക്ക് കുട്ടികളുടെ പരിശ്രമം കാണുമ്പോൾ ദയ തോന്നുന്നു. വരദാനി സദാ സമ്പത്തിന്റെ അധികാരിക്ക് ഒരിക്കലും പരിശ്രമിക്കാൻ സാധിക്കില്ല. ഭാഗ്യവിദാതാവായ ടീച്ചറുടെ ഭാഗ്യവാനായ കുട്ടികൾ സദാ ബഹുമതിയോടെ പാസാകുന്നവരായിരിക്കും. തോൽക്കുകയുമില്ല, വ്യർത്ഥമായ കാര്യങ്ങൾ  ഫീൽ ആകുകയുമില്ല.

പരിശ്രമിക്കുന്നതിന്റെ കാരണങ്ങൾ രണ്ടാണ്– ഒന്ന് മായയുടെ വിഘ്നങ്ങളിൽ പരാജയപ്പെടുന്നു അല്ലെങ്കിൽ സംബന്ധ സമ്പർക്കത്തിൽ, ബ്രാഹ്മണരുടെ അഥവാ അജ്ഞാനികളുടെ– രണ്ട് സംബന്ധങ്ങളിലും കർമ്മത്തിൽ വരുമ്പോൾ ചെറിയ കാര്യത്തിൽ വ്യർത്ഥം ഫീലാകുന്നു(അനുഭവമാകുന്നു) അതിനെയാണ് നിങ്ങൾ ഫ്ളൂവിന്റെ രോഗം എന്നു പറയുന്നത്. ഫ്ളൂ എന്താണ് ചെയ്യുന്നത്? ഒന്ന് ചഞ്ചലതയുണ്ടാകുന്നു. അതിൽ ശരീരം കുലുങ്ങുന്നു, ഇവിടെ ആത്മാവിന്റെ സ്ഥിതി കുലുങ്ങുന്നു, മനസ്സ് കുലുങ്ങുന്നു, വായ കയ്ക്കുന്നു ഇവിടയും വായിലൂടെ കയ്പേറിയ വാക്കുകൾ വരുന്നു. മറ്റെന്ത് സംഭവിക്കുന്നു? ഇടയ്ക്ക് തണുപ്പ്, ഇട്യയ്ക്ക് ചൂട് വർദ്ധിക്കുന്നു. ഇവിടെയും ഫീലിംഗ് വരുമ്പോൾ ഉള്ളിൽ ആവേശം ഉണ്ടാകുന്നു, ചൂട് വർദ്ധിക്കുന്നു– ഇവർ ഇതെന്ത് കൊണ്ട് പറഞ്ഞു, എന്ത് കൊണ്ട് ചെയ്തു? ഇത് ആവേശമാണ്. അനുഭവിയല്ലേ. പിന്നെന്ത് സംഭവിക്കുന്നു? കഴിക്കാനും കുടിക്കാനും ഇഷ്ടപ്പെടുന്നില്ല. ഇവിടെയും ആരെങ്കിലും ജ്ഞാനത്തിന്റെ കാര്യങ്ങൾ കേൾപ്പിക്കുമ്പോൾ അത് ഇഷ്ടപ്പെടില്ല. അവസാനം റിസൽട്ട് എന്തായിരിക്കും? കുറവുകൾ ഉണ്ടാകുന്നു. ഇവിടെയും കുറച്ച് സമയത്തേക്ക് കുറവുകൾ ഉണ്ടാകുന്നു. അതിനാൽ തോൽക്കാനും പാടില്ല, ഫീലാകാനും പാടില്ല. ബാപ്ദാദ സദാ ശ്രേഷ്ഠമായ നിർദ്ദേശം നല്കുന്നു. ശുദ്ധമായ ഫീലിംഗ് ഉണ്ടായിരിക്കണം– ഞാൻ സർവ്വ ശ്രേഷ്ഠം അർത്ഥം കോടിയിൽ ചിലരിൽപ്പെട്ട ആത്മാവാണ്. ഞാൻ ദേവാത്മാവാണ്, ഞാൻ മഹാനാത്മാവാണ്, ബ്രാഹ്മണാത്മാവാണ്, വിശേഷ പാർട്ടധാരി ആത്മാവാണ്. ഈ ഫീലിംഗിലിരിക്കുന്നവർക്ക് വ്യർത്ഥമായ ഫീലിംഗിനന്റെ ഫ്ളൂ ഉണ്ടായിരിക്കില്ല. ഈ ശുദ്ധമായ ഫീലിംഗിലിരിക്കൂ. ശുദ്ധമായ ഫീലിംഗ് ഉള്ളയിടത്ത് അശുദ്ധമായ ഫീലിംഗ് ഉണ്ടാകില്ല. അതിനാൽ ഫ്ളൂവിന്റെ രോഗം അർത്ഥം പരിശ്രമത്തിൽ നിന്നും മുക്തമാകുന്നു, സദാ സ്വയം അനുഭവിക്കുന്നു– ഞാൻ വരദാനങ്ങളാൽ പാലിക്കപ്പെട്ടു കൊണ്ടിരിക്കുന്നു, വരദാനങ്ങളാൽ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു, വരദാനങ്ങളാൽ സേവനത്തിൽ സഫലത പ്രാപ്തമാക്കി കൊണ്ടിരിക്കുന്നു.

പരിശ്രമമാണോ ഇഷ്ടം അതോ പരിശ്രമത്തിന്റെ ശീലം പക്കായായോ? പരിശ്രമം ഇഷ്ടപ്പെടുന്നോ അതോ ആനന്ദത്തിലിരിക്കാനാണോ ഇഷ്ടം? ചിലർക്ക് പരിശ്രമത്തിന്റെ കാര്യമല്ലാതെ മറ്റൊരു കാര്യവും ഇഷ്ടമല്ല. അവരെ കസേരയിൽ വിശ്രമത്തോടെ ഇരുത്തിയാലും പറയും എനിക്ക് പരിശ്രമമുള്ള ജോലി നല്കൂവെന്ന്. ഇത് ആത്മാവിന്റെ പരിശ്രമമാണ്, ആത്മാവ് 63 ജന്മം പരിശ്രമിച്ചു. 63 ജന്മം അന്വേഷിച്ചു കൊണ്ടിരിക്കുകയായിരുന്നില്ലേ. ആരെയെങ്കിലും അന്വേഷിച്ചു കണ്ടെത്താൻ പ്രയാസമല്ലേ. അതിനാൽ ആദ്യമേ തന്നെ ക്ഷീണിച്ചിരിക്കുകയാണ്. 63 ജന്മം പരിശ്രമിച്ചു കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ഒരു ജന്മം ആനന്ദത്തിലിരിക്കൂ. 21 ജന്മം ഭാവിയിലെ കാര്യമാണ്. എന്നാൽ ഈ ഒരു ജന്മം വിശേഷപ്പെട്ടതാണ്. പരിശ്രമവും ആനന്ദവും– രണ്ടിന്റെയും അനുഭവം ചെയ്യാൻ സാധിക്കും. ഭാവിയിൽ അവിടെ സർവ്വ കാര്യങ്ങളും മറന്നു പോകുന്നു. ഇപ്പോഴാണ് ആനന്ദമുള്ളത്. മറ്റുള്ളവർ പരിശ്രമിച്ചു കൊണ്ടിരിക്കുന്നു, നിങ്ങൾ ആനന്ദത്തിലാണ്. ശരി.

ടീച്ചേഴ്സ് ഭക്തി ചെയ്തിട്ടുണ്ടോ? എത്ര ജന്മം ഭക്തി ചെയ്തു? ഈ ജന്മം ചെയ്തില്ലല്ലോ. നിങ്ങളുടെ ഭക്തി ആദ്യത്തെ ജന്മത്തിൽ പൂർത്തിയായി. പിന്നെ എപ്പോഴാണ് ആരംഭിച്ചത്? ആരുടെ ഒപ്പമാണ് ആരംഭിച്ചത്? ബ്രഹ്മാബാബയോടൊപ്പം നിങ്ങളും ഭക്തി ചെയ്തു. ഏത് ക്ഷേത്രത്തിലാണ് ചെയ്തത്? അതിനാൽ ഭക്തിയിലെയും ആദി ആത്മാക്കളാണ്. ആദിയിലെ ഭക്തിയിൽ അവ്യഭിചാരി ഭക്തിയായത് കാരണം ഭക്തിയുടെ ആനന്ദം, സുഖം ആ സമയത്തിനനുസരിച്ച് കുറഞ്ഞിരുന്നില്ല. ആ സമയത്തുള്ള സുഖവും ആനന്ദവും അതിന്റെ സ്ഥാനത്ത് ശ്രേഷ്ഠമായിരുന്നു.

ഭക്തമാലയിലുള്ളത് നിങ്ങളല്ലേ? ഭക്തി നിങ്ങൾ ആരംഭിച്ചതിനാൽ നിങ്ങൾ ഭക്തമാലയില്ലല്ലേ? ഡബിൾ വിദേശികൾ ഭക്ത മാലയിലായിരുന്നോ? ഭക്തരായിരുന്നോ അതോ ഭക്ത മാലയിലായിരുന്നോ? ഇപ്പോൾ സർവ്വരും ചിന്തിച്ചു കൊണ്ടിരിക്കുന്നു– നമ്മളായിരുന്നോ അതോ ഇല്ലയോ. വിജയ മാലയിലുമുണ്ടായിരുന്നോ, ഭക്ത മാലയിലുമുണ്ടായിരുന്നോ? പൂജാരിയായി എന്നാൽ ഭക്തമാലയിലുണ്ടായിരുന്നോ? ഭക്തമാല വേറെയാണ്. നിങ്ങൾ ജ്ഞാനി തന്നെ ഭക്തരായി. അവർ ഭക്തർ തന്നെയാണ്. അതിനാൽ ഭക്തരുടെ മാലയും ജ്ഞാനികളുടെ മാലയും തമ്മിൽ വ്യത്യാസമുണ്ട്. ജ്ഞാനികളുടെ മാലയാണ് വിജയ മാല. കേവലം ഭക്തർ മാത്രമായിട്ടിരിക്കുന്നവർ, നവ പ്രകാരത്തിലുള്ള ഭക്തി ചെയ്യുന്നവർ, ആരാണൊ ഭക്തിയില്ലാതെ മറ്റൊന്നും കേൾക്കാൻ ആഗ്രഹിക്കുന്നില്ല, ഭക്തിയെ തന്നെ ശ്രേഷ്ഠമാണെന്ന് മനസ്സിലാക്കുന്നു. അതിനാൽ ഭക്തരുടെ മാല വേറെയാണ്. ജ്ഞാനമാല വേറെ. ഭക്തി തീർച്ചയായും ചെയ്തു എന്നാൽ ഭക്ത മാലയിലെന്ന് പറയില്ല കാരണം ഭക്തിയുടെ പാർട്ടഭിനയിച്ചതിന് ശേഷം നിങ്ങളെല്ലാവരും ജ്ഞാനത്തിൽ വരണം. അവർ തീവ്ര ഭക്തരാണ്, നിങ്ങൾ തീവ്ര ജ്ഞാനികളാണ്. ആത്മാവിൽ സംസ്ക്കാരങ്ങളുടെ വ്യത്യാസമുണ്ട്. ഭക്തർ അർത്ഥം സദാ യാചനയുടെ സംസ്ക്കാരമുണ്ടായിരിക്കും. ഞാൻ നീചനാണ്, ഭഗവാൻ ഉയർന്നതാണ്– ഈ സംസ്ക്കാരമായിരിക്കും. അവർ റോയൽ യാചകരാണ്, നിങ്ങൾ ആത്മാക്കളിൽ അധികാരിയുടെ സംസ്ക്കാരമുണ്ട്. അതിനാൽ പരിചയം ലഭിച്ചപ്പോൾ തന്നെ അധികാരി

യായി. മനസ്സിലായോ? ഭക്തർക്കും ഏതിലെങ്കിലും സ്ഥലം നല്കൂ. രണ്ടിലും നിങ്ങൾ വരുമോ? അവർക്കും അരക്കല്പമുണ്ട്, നിങ്ങൾക്കും അര കല്പമുണ്ട്. അവർക്കും മഹിമയുടെ മാലയിൽ വരുക തന്നെ വേണം. എന്നാലും ലോകത്തിലുള്ളവരേക്കാൾ നല്ലതാണ്. മറ്റ് ഭാഗത്തൊന്നും ബുദ്ധി പോകുന്നില്ല, ബാബയിലേക്ക് തന്നെയാണ്. ശുദ്ധമായിട്ടിരിക്കുന്നു. പവിത്രതതയുടെ ഫലം ലഭിക്കുന്നു– മഹിമാ യോഗ്യരാകുന്നതിന്റെ. നിങ്ങളുടെ പൂജയുണ്ടാകുന്നു. അവർക്ക് പൂജ ലഭിക്കുന്നില്ല, കേവലം പ്രതിമകൾ ഉണ്ടാക്കി വയ്ക്കുന്നു മഹിമയ്ക്ക് വേണ്ടി. മീരയ്ക്ക് ക്ഷേത്രമുണ്ടാകുന്നില്ല. ദേവതമാരെ പോലെ മീരയെ പൂജിക്കുന്നില്ല, കേവലം മഹിമ മാത്രം. ഇപ്പോൾ അന്തിമ ജന്മത്തിൽ ആരെ പൂജിച്ചാലും, ഭൂമിയെ പൂജിച്ചാലും, വൃക്ഷത്തെ പൂജിച്ചാലും എന്നാൽ നിയമമനുസരിച്ച് അവർക്ക് കേവലം മഹിമ മാത്രമാണ്, പൂജയില്ല. നിങ്ങൾ പൂജ്യനീയരായി മാറുന്നു. അതിനാൽ നിങ്ങൾ പൂജ്യനീയരായ ആത്മാക്കളാണ്– ഈ ലഹരി സദാ സ്മൃതിയിൽ വയ്ക്കൂ. പൂജനീയരായ ആത്മാക്കൾക്ക് ഒരിക്കലും അപവിത്രമായ സങ്കല്പത്തെ സ്പർശിക്കാൻ സാധിക്കില്ല. അങ്ങനെ പൂജ്യനീയരായോ. ശരി.

നാല് ഭാഗത്തുമുള്ള സമ്പത്തിന്റെ അധികാരിയായ ആത്മാക്കൾക്ക്, സദാ പഠിത്തത്തിൽ ബഹുമതിയോടെ പാസാകുന്ന, സദാ വരദാനങ്ങളിലൂടെ വരദാനിയായി മറ്റുള്ളവരെയും വരദാനിയാക്കുന്ന– അങ്ങനെ അച്ഛൻ, ടീച്ചർ, സത്ഗുരുവിന് പ്രിയപ്പെട്ട, സദാ ആത്മീയ ആനന്ദത്തിലിരിക്കുന്ന ശ്രേഷ്ഠമായ ആത്മാക്കൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

പഞ്ചാബ്– രാജസ്ഥാൻ ഗ്രൂപ്പ്

സദാ സ്വയത്തെ ഹോളീ ഹംസമാണെന്ന് അനുഭവം ചെയ്യുന്നുണ്ടോ? ഹോളീ ഹംസം അർത്ഥം സമർത്ഥത്തെയും വ്യർത്ഥത്തെയും തിരിച്ചറിയുന്നവർ. ആ ഹംസം കല്ലുകളെയും രത്നങ്ങളെയും വേർതിരിക്കുന്നു, മുത്തുകളെയും കല്ലുകളെയും വേർതിരിക്കുന്നു. എന്നാൽ നിങ്ങൾ ഹോളീ ഹംസം എന്തിനെ വേർതിരിക്കുന്നു? സമർത്ഥമായത് എന്താണ്, വ്യർത്ഥമെന്താണ്, ശുദ്ധമെന്താണ് അശുദ്ധമെന്താണ്. ഹംസത്തിന് കല്ലുകൾ കൊത്തിയെടുക്കാൻ സാധിക്കില്ല– വേർതിരിച്ച് വയ്ക്കുന്നു, അതിനെ ഉപേക്ഷിക്കുന്നു, ഗ്രഹിക്കുന്നില്ല. അതേപോലെ നിങ്ങൾ ഹോളീ ഹംസം വ്യർത്ഥത്തെ ഉപേക്ഷിക്കുന്നു, സമർത്ഥമായ സങ്കല്പത്തെ ധാരണ ചെയ്യുന്നു. വ്യർത്ഥം വന്നാലും ധാരണ ചെയ്യില്ല. വ്യർത്ഥത്തെ ധാരണ ചെയ്തുവെങ്കിൽ ഹോളീ ഹംസം എന്ന് പറയില്ല. അത് കൊക്കാണ് ധാരണ ചെയ്യുന്നത്. വ്യർത്ഥം വളെയധികം കേട്ടു, പറഞ്ഞു, ചെയ്തു എന്നാൽ  അതിന്റെ പരിണാമം എന്തായി? നഷ്ടപ്പെടുത്തി, സർവ്വതും നഷ്ടപ്പെടുത്തിയില്ലേ. ശരീരവും നഷ്ടപ്പെടുത്തി. ദേവതമാരുടെ ശരീരം നോക്കൂ, ഇപ്പോഴത്തെ ശരീരം നോക്കൂ എങ്ങനെയെന്ന്? എത്ര വ്യത്യാസമുണ്ട്. യുവാക്കളേക്കാൾ നല്ലത് വൃദ്ധരാണ്. ശരീരവും നഷ്ടപ്പെടുത്തി, മനസ്സിന്റെ സുഖ– ശാന്തിയും നഷ്ടപ്പെടുത്തി, ധനവും നഷ്ടപ്പെടുത്തി. നിങ്ങളുടെയടുത്ത് എത്ര ധനമുണ്ടായിരുന്നു? അളവറ്റ ധനം എവിടെ പോയി? വ്യർത്ഥമാക്കി കളഞ്ഞു. ഇപ്പോൾ സമ്പാദിച്ചു കൊണ്ടിരിക്കുകയാണോ അതോ നഷ്ടപ്പെടുത്തുകയാണോ? ഹോളീ ഹംസം നഷ്ടപ്പെടുത്തുന്നവരല്ല, സമ്പാദിക്കുന്നവരാണ്. ഇപ്പോൾ 21 ജന്മം നല്ല ശരീരവും ലഭിക്കും, മനസ്സും സദാ സന്തോഷമുള്ളതുമായിരിക്കും. ഇപ്പോഴത്തെ മണ്ണിന് സമാനമായിരിക്കും അവിടത്തെ ധനം. ഇപ്പോൾ മണ്ണും മൂല്യമുള്ളതായി മാറി എന്നാൽ അവിടെ രത്നങ്ങൾ കൊണ്ടായിരിക്കും കളിക്കുന്നത്, രത്നങ്ങളാൽ കൊട്ടാരം അലങ്കരിക്കപ്പെടും. അപ്പോൾ എത്രയാണ് സമ്പാദിച്ചു കൊണ്ടിരിക്കുന്നത്! സമ്പാദിക്കുന്നവർക്ക് സന്തോഷമുണ്ടായിരിക്കും. സമ്പാദ്യമുണ്ടാകുന്നില്ലായെങ്കിൽ ഹൃദയം വിശാലമായിരിക്കില്ല, സമ്പാദിക്കപ്പെടുന്നവരുടെ ഹൃദയം വിശാലമായിരിക്കും. ഇപ്പോൾ എത്ര വിശാലമായ ഹൃദയമുള്ളവരായി മാറി. അതിനാൽ ഓരോ ചുവടിലും സമ്പാദ്യത്തിന്റെ കണക്ക് വർദ്ധിച്ചു കൊണ്ടിരിക്കുകയാണോ അതോ ഇടയ്ക്കിടയ്ക്കാണോ സമ്പാദിക്കുന്നത്? തന്റെ ചാർട്ട് ശരിയായ രീതിയിൽ കണ്ടോ? അങ്ങനെയുള്ള സമയത്തും ഇടയ്ക്കിടയക്ക് വ്യർത്ഥം ഉണ്ടാകുന്നില്ലല്ലോ? ഇപ്പോൾ സമയത്തിന്റെ മൂല്യത്തെ കുറിച്ച് മനസ്സിലാക്കിയില്ലേ. സംഗമത്തിലെ ഓരോ സെക്കന്റും എത്ര വലുതാണ്. പറയുന്നു ഒന്നോ രണ്ടോ സെക്കന്റല്ലേ പോയതെന്ന് എന്നാൽ ഒരു സെക്കന്റ് എത്ര വലുതാണ്. ഇത് ഓർമ്മയുണ്ടെങ്കിൽ ഒരു സെക്കന്റ് പോലും നഷ്ടപ്പെടുത്തില്ല. സെക്കന്റ് നഷ്ടപ്പെടുത്തുക അർത്ഥം വർഷം നഷ്ടപ്പെടുത്തുക– സംഗമത്തിലെ ഒരു സെക്കന്റിന് പോലും അത്രയും മഹത്വമുണ്ട്. അതിനാൽ സമ്പാദിക്കുന്നവരാണ്, നഷ്ടപ്പെടുത്തുന്നവരല്ല കാരണം ഒന്നുകിൽ നഷ്ടപ്പെടുത്തും അല്ലെങ്കിൽ സമ്പാദിക്കും. മുഴുവൻ കല്പത്തിലും സമ്പാദിക്കുന്നതിനുള്ള സമയം ഇതാണ് അതിനാൽ ഹോളീ ഹംസം അർത്ഥം സ്വപ്നത്തിൽ, സങ്കല്പത്തിൽ പോലും ഒരിക്കലും വ്യർത്ഥമാക്കില്ല. ഹോളി അർത്ഥം സദാ പവിത്രതയുടെ ശക്തിയിലൂടെ അപവിത്രതയെ സെക്കന്റിൽ ഓടിക്കുന്നവർ. സ്വയത്തിന് വേണ്ടി മാത്രമല്ല മറ്റുള്ളവർക്കും വേണ്ടി കാരണം മുഴുവൻ വിശ്വത്തെ പരിവർത്തനം ചെയ്യണ്ടേ. പവിത്രതയുടെ ശക്തി എത്ര മഹാനാണ്, ഇതറിയാമല്ലോ. പവിത്രത അങ്ങനെയുള്ള അഗ്നിയാണ് സെക്കന്റിൽ വിശ്വത്തിലെ അഴുക്കിനെ ഭസ്മമാക്കാൻ സാധിക്കുന്നു. സമ്പൂർണ്ണ പവിത്രത അങ്ങനെയുള്ള ശ്രേഷ്ഠ

മായ ശക്തിയാണ്. അന്തമത്തിൽ സമ്പൂർണ്ണമാകുമ്പോൾ നിങ്ങളുടെ ശ്രേഷ്ഠമായ സങ്കല്പത്തിൽ സ്നേഹത്തിന്റെ അഗ്നിയിലൂടെ ഈ സർവ്വ അഴുക്കും ഭസ്മമായി തീരുന്നു. യോഗത്തിന്റെ ജ്വാലയുണ്ടാകണം. അന്തിമത്തിൽ ഇങ്ങനെ പതുക്കെ പതുക്കെ സേവനമില്ലാതെയാകും. ചിന്തിച്ചു, നടന്നു– ഇതിനെയാണ് തീവ്ര ഗതിയുടെ സേവനമെന്ന് പറയുന്നത്. ഇപ്പോൾ സ്വയത്തിൽ നിറച്ചു കൊണ്ടിരിക്കുന്നു, പിന്നീട് കാര്യത്തിലുപയോഗിക്കും. ഏതുപോലെ ദേവിമാരുടെ സ്മരണയായി കാണിക്കാറുണ്ട്– ജ്വാലയിലൂടെ അസുരൻമാരെ ഭസ്മമാക്കിയെന്ന്. അസുരനല്ല എന്നാൽ ആസുരീയ ശക്തികളെ സമാപ്തമാക്കി. ഇത് ഏത് സമയത്തെ സ്മരണയാണ്? ഇപ്പോഴത്തെയല്ലേ. അതിനാൽ അങ്ങനെ ജ്വാലാമുഖിയാകൂ. നിങ്ങളായില്ലായെങ്കിൽ പിന്നെയാരാകും? അതിനാൽ ഇപ്പോൾ ജ്വാലാമുഖിയായി ആസുരീയ സംസ്ക്കാരം, ആസുരീയ സ്വഭാവം സർവ്വതും ഭസ്മമാക്കൂ. സ്വയത്തിന്റെ ചെയ്തില്ലേ അതോ സ്വയത്തിന്റെയും ചെയ്തു കൊണ്ടിരിക്കുകയാണോ? ശരി.

പഞ്ചാബിലുള്ളവർ നിർഭയരായി മാറി. ഭയക്കുന്നവരല്ലല്ലോ? ജ്വാലാമുഖിയാണ്, എന്തിന് ഭയക്കണം? മരിച്ചിരിക്കുകയാണ്. പിന്നെ എന്തിനം ഭയക്കണം? രാജസ്ഥാൻ രാജ്യ അധികാരം ഒരിക്കലും മറക്കരുത്. രാജ്യം മറന്ന് രാജസ്ഥാനിലുള്ള മരുഭൂമിയല്ലല്ലോ ഓർമ്മ വരുന്നത്? അവിടെ മരുഭൂമി അധികം ഉണ്ടല്ലോ. അതിനാൽ സദാ പുതിയ രാജ്യത്തിന്റെ സ്മൃതിയുണ്ടായിരിക്കണം. സർവ്വരും നിർഭയരും ജ്വാലാമുഖിയുമായി പ്രകൃതിയുടെയും ആത്മാക്കളുടെയുമുള്ളിലുള്ള തമോഗുണത്തെ ഭസ്മമാക്കുന്നവരാകൂ. ഇത് വളരെ വലിയ കർത്തവ്യമാണ്, തീവ്രതയോടെ ചെയ്താൽ പൂർത്തിയാകും. ഇപ്പോൾ വ്യക്തികൾക്ക് പോലും സന്ദേശം എത്തിയിട്ടില്ല, പ്രകൃതിയുടെ കാര്യം പിന്നീടാണ്. അതിനാൽ വേഗതയെ തീവ്രമാക്കൂ. ഓരോ തെരുവിലും സെന്റർ ഉണ്ടാകണം കാരണം പരിതസ്ഥിതിക്കനുസരിച്ച് ഒരു തെരുവിൽ നിന്നും മറ്റൊരു തെരുവിലേക്ക് പോകാൻ സാധിക്കില്ല, പരസ്പരം കാണാനേ സാധിക്കില്ല. അതിനാൽ ഓരോ വീട്ടിലും, തെരുവിലും സെന്റർ ഉണ്ടാകും. ശരി.

## വരദാനം– പെരുമാറ്റത്തിലൂടെയും മുഖത്തിലൂടെയും പുരുഷോത്തമ സ്ഥിതിയുടെ സാക്ഷാത്ക്കാരം ചെയ്യിക്കുന്ന ബ്രഹ്മാബാബയ്ക്ക് സമാനമായി ഭവിക്കട്ടെ.

ഏതുപോലെ ബ്രഹ്മാബാബയ്ക്ക് സാധാരണ ശരീരത്തിലിരുന്നും സദാ പുരുഷോത്തമമായ അനുഭവം ഉണ്ടാകുമായിരുന്നു. സാധാരണതയിൽ പുരുഷോത്തമമായതിന്റെ തിളക്കം കാണപ്പെട്ടു, അതേപോലെ ഫോളോ ഫാദർ. കർമ്മം സാധാരണമായാലും സ്ഥിതി മഹാനായിരിക്കണം. മുഖത്തിൽ ശ്രേഷ്ഠമായ ജീവിതത്തിന്റെ പ്രഭാവമുണ്ടായിരിക്കണം. ലൗകീക രീതിയിൽ ചില കുട്ടികളുടെ പെരുമാറ്റവും മുഖവും അച്ഛന് സമാനമായിരിക്കും, ഇവിടെ മുഖത്തിന്റെ കാര്യമല്ല എന്നാൽ പെരുമാറ്റം തന്നെയാണ് ചിത്രം. ഓരോ പെരുമാറ്റത്തിലൂടെയും ബാബയുടെ അനുഭവമുണ്ടാകണം, ബ്രഹ്മാബാബയ്ക്ക് സമാനം പുരുഷോത്തമ സ്ഥിതിയായിരിക്കണം– എങ്കിൽ പറയാം ബാബയ്ക്ക് സമാനം.

## സ്ലോഗൻ– ഏകരസ സ്ഥിതിയുടെ ശ്രേഷ്ഠമായ സിംഹാസനത്തിൽ സ്ഥിതി ചെയ്യുന്നവർ തന്നെയാണ് സത്യമായ തപസ്വി.

**ലവ്ലീൻ സ്ഥിതിയുടെ അനുഭവം ചെയ്യൂ–** ഈ പരമാത്മ സ്നേഹം ആനന്ദത്തിന്റെ ഊഞ്ഞാലാണ്, ഈ സുഖദായി ഊഞ്ഞാലിൽ സദാ ആടിക്കൊണ്ടിരിക്കൂ, പരമാത്മ സ്നേഹത്തിൽ ലവ്ലീനായിരിക്കൂ എങ്കിൽ ഒരിക്കലും പരിതസ്ഥിതിയുടേയോ മായയുടേയോ ചഞ്ചലതയുണ്ടാകില്ല.